# INSTITUTE OF HUMAN RESOURCES DEVELOPMENT
PRAJO'E TOWERS, VAZHUTHACAUD
THIRUVANANTHAPURAM – 14

*നംമ്പർ. ഡി.ബി.2/3425/2017/ എച്ച്.ആർ.ഡി* *11.07.2017*

## സർക്കുലർ

*വിഷയം. ഐ.എച്ച്.ആർ.ഡി – റ്റി.എച്ച്. എസ്സ്. എസ്സ് – ഓണം/ ക്രിസ്തുമസ്സ്/ വാർഷിക പരീക്ഷാ നടത്തിപ്പ് – ചോദ്യപേപ്പർ തയ്യാറാക്കുന്നതിനായി മാർഗ്ഗ രേഖ സംബന്ധിച്ച്.*

*സൂചന .1. പരീക്ഷാ ചോദ്യപേപ്പർ തയ്യാറാക്കുന്നതിനു വേണ്ടി മാർഗ്ഗ രേഖ തയ്യാറാക്കാനായി 17.06.2017ന്പൊതു വിദ്യാഭ്യാസ സെക്രട്ടറിയുടെ ചേംബറിൽ നടന്ന യോഗത്തിൻെറ മിനിട്ട്സ്.*

*2. 30.06.2016 –ാം തീയ്യതി എസ്സ്.സി.ഇ. ആർ.റ്റി ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ വിവിധ സർക്കാർ സ്ഥാപനങ്ങളുടെ ഉദ്യോഗസ്ഥരുമായി കൂടിയ യോഗം.*

*3. ശ്രീ.വി.കെ വാണിപ്രസാദ്, ഡെപ്യൂട്ടി ഡയറക്ടറുടെ 01/07/2017 ലെ കുറിപ്പ്.*

*സൂചന ഒന്ന് പ്രകാരം പൊതു വിദ്യാഭ്യാസ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 17.06.2017ന് ചേർന്ന യോഗത്തിൽ 2017–18 അദ്ധ്യായന വർഷത്തിലെ 8,9,10,11,12 എന്നീ ക്ലാസ്സുകളിലെ ഓണം/ക്രിസ്തുമസ്സ്/വാർഷിക, മോഡൽ പരീക്ഷകൾക്കായി ചോദ്യപേപ്പർ തയ്യാറാക്കുന്നതിനായി എസ്സ്.സി.ഇ. ആർ.റ്റി യുടെ നേതൃത്വത്തിൽ ചുമതലപ്പെടുത്തി. ചോദ്യപേപ്പർ അച്ചടിക്കായി കുട്ടികളിൽ നിന്നും യാതൊരു വിധമായ പിരിവും നടത്തരുതെന്ന് തീരുമാനിച്ചു. സൂചന രണ്ട് പ്രകാരം എസ്സ്.സി.ഇ.ആർ.റ്റി ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ വിവിധസർക്കാർ സ്ഥാപനങ്ങളുടെ (ഐ.എച്ച്.ആർ.ഡി/ഡി.റ്റി.ഇ/വി.എച്ച്.എസ്സ്.ഇ മുതലായ) ഉദ്യോഗസ്ഥൻമാരുമായുള്ള 30/06/2017ൽ ചേർന്ന യോഗത്തിൽ ഐ.എച്ച്.ആർ.ഡിയുടെ കീഴിലുള്ള ടെക്നിക്കൽ ഹയർസെക്കൻ്ററി സ്കൂളുകളിൽ നടത്തുന്ന പരീക്ഷകളുടെ ചോദ്യപേപ്പർ തയ്യാറാക്കുന്നതു സംബന്ധിച്ച് താഴെപ്പറയുന്ന രീതിയിൽ തീരുമാനിച്ചു.*

1. *പൊതു വിഷയങ്ങൾക്കായുള്ള ചോദ്യപേപ്പർ എസ്സ്.സി.ഇ.ആർ.റ്റി തയ്യാറാക്കി അച്ചടിച്ച് എസ്സ്.എസ്സ്.എ വഴി വിതരണം ചെയ്യുന്നതാണ് പൊതു വിഷയങ്ങൾക്കായുള്ള ചോദ്യപേപ്പർ ടെക്നിക്കൽ സ്കൂൾ പ്രിൻസിപ്പൾമാർ ഒരോ വിഷയത്തിൻെറ ചോദ്യപേപ്പർ ആവശ്യകത തിട്ടപ്പെടുത്തി ഡി.ഇ.ഒ*

ഓഫീസിൽ അറിയിക്കുകയും മുൻവർഷങ്ങളിലുള്ളതുപോലെ ഏറ്റെടുക്കകയും ചെയ്യേണ്ടതാണ്.

2. ടെക്നിക്കൽ വിഷയങ്ങളുടെ ചോദ്യപേപ്പർ മുൻവർഷങ്ങളിലുള്ളതുപോലെ ഐ.എച്ച്.ആർ.ഡി തന്നെ തയ്യാറാക്കി അതാത് സ്കൂൾ പ്രിൻസിപ്പൾമാർ കോപ്പിയെടുത്ത് പരീക്ഷ നടത്തേണ്ടതാണ്. ടെക്നിക്കൽ വിഷയങ്ങളുടെ പരീക്ഷ തീയ്യതി സംബന്ധിച്ച് ഐ.എച്ച്.ആർ.ഡി ഡയറക്ടർ വിജ്ഞപനം ഇറക്കുന്നതായിരിക്കും
3. പൊതു വിഷയങ്ങളുടെ പരീക്ഷ മാറ്റി വയ്ക്കേണ്ടതായുള്ള സാഹചാര്യം വന്നാൽ ഐ.എച്ച്.ആർ.ഡി നടത്തുന്ന ടെക്നിക്കൽ പരീക്ഷകളുടെ ടൈം ടേബിൾ പുതുക്കി നിശ്ചയിച്ച് പൊതു പരീക്ഷ നടത്തിപ്പ് വിഘാതം വരാതെ പുനക്രമീകരിക്കേണ്ടതാണ്.

മേൽ പറഞ്ഞ സാഹചര്യത്തിൽ ഐ.എച്ച്.ആർ.ഡിയുടെ ടെക്നിക്കൽ സ്കൂളുകളുടെ പരീക്ഷ നടത്തിപ്പിനുള്ള നോഡൽ ഓഫീസർ, ടെക്നിക്കൽ ഹയർസെക്കന്ററി സ്കൂൾ ,തൊടുപുഴ. താഴെ പറയുന്ന ക്രമീകരണങ്ങൾ നടത്തുന്നതിനായി ചുമതപ്പെടുത്തുന്നു.

1. നോഡൽ ഓഫീസർ, ടേം പരീക്ഷ ചോദ്യപേപ്പർ മറ്റ് ടെക്നിക്കൽ സ്കൂൾ പ്രിൻസിപ്പൾമാരുമായി കൂടിയാലോചിച്ച് തയ്യാറാക്കേണ്ടതും അവ വിവിധ സ്കൂൾ പ്രിൻസിപ്പൾമാർക്ക് വിതരണം ചെയ്യേണ്ടതാണ്.
2. ഒരോ വിഷയത്തിലെ ചോദ്യപേപ്പറിലും 25% അധിക ചോയ്സിൽ ചോദ്യം ഉൾപ്പെടുത്തേണ്ടതാണ്. നോഡൽ ഓഫീസർ ഇതു സംബന്ധിച്ച് ചോദ്യ കർത്താക്കൾക്ക് മാർഗ്ഗനിർദേശം നൽകേണ്ടതാണ്.
3. ഒന്നാം പാദവാർഷിക പരീക്ഷയുടെ ടെക്നിക്കൽ വിഷയങ്ങളുടെ ചോദ്യപേപ്പർ തയ്യാറാക്കി അവയുടെ കോപ്പികൾ എല്ലാ പ്രിൻസിപ്പൾമാർക്കും 31.07.2017നു മുമ്പായി എത്തിക്കുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ട നോഡൽ ഓഫീസർ എടുക്കേണ്ടതാണ്.
4. നോഡൽ ഓഫീസർ ടെക്നിക്കൽ വിഷയങ്ങളുടെ ചോദ്യപേപ്പർ തയ്യാറാക്കുന്നതിലും അവ എല്ലാ സ്കൂളിൽ നിശ്ചിത സമയത്തിൽ എത്തുന്നുണ്ടോ എന്ന് നീരിക്ഷിക്കുകയും ആവശ്യമുള്ള ഘട്ടത്തിൽ ഡെപ്യൂട്ടി ഡയറക്ടറുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതുമാകുന്നു.
5. ടൈം ടേബിൾ നിർണ്ണയത്തിലും പരീക്ഷ വിജ്ഞാപനം പുറപ്പെടു വിക്കുന്നതിനുള്ള ശുപാർശ ചെയ്യുന്നത് നോഡൽ ഓഫീസറുടെ

ചുമതലയാകുന്നു. പൊതു പരീക്ഷ മാറ്റി വയ്ക്കുന്ന സഹചാര്യമുണ്ടായാൽ മാറ്റി വെച്ച പരീക്ഷ നടത്തുന്നതിലേക്ക് ടെക്നിക്കൽ വിഷയത്തിലെ പരീക്ഷ പുനക്രമീകരിക്കുന്നതിലേക്ക് ഉള്ള നടപടി താമസംവിനാ സ്വീകരിക്കേണ്ടതാകുന്നു.

സൂചനയിൽ പരാമർശിച്ചവയുടെ ഒരു കോപ്പി തുടർനടപടികൾക്കായി ഉള്ളടക്കം ചെയ്യുന്നു.

ഒപ്പ്
ഡയറക്ടർ

പകർപ്പ്

1. നോഡൽ ഓഫീസർ, ശ്രീമതി. ശ്രീകല വി.റ്റി, പ്രിൻസിപ്പൽ, ടെക്നിക്കൽ ഹയർസെക്കന്ററി സ്കൂൾ ,തൊടുപുഴ.
2. ഐ.എച്ച്.ആർ.ഡിയുടെ കീഴിലുള്ള ടെക്നിക്കൽ ഹയർസെക്കന്ററി സ്കൂളുകളിലെ പ്രിൻസിപ്പലുമാർക്ക്.
3. ഡെപ്യൂട്ടി ഡയറക്ടർ
4. കരുതൽ കോപ്പി, ഓഫീസ് കോപ്പി

**അംഗീകാരത്തോടെ**

**ജൂനിയർ സൂപ്രണ്ട്**

7897/17/HRD

30.06.2017 ൽ ബഹു എസ്. സി. ഇ. ആർ. ടി ഡയറക്ടർ ഡോ. ജെ. പ്രസാദിന്റെ ചേമ്പറിൽ കൂടിയ ഒന്നാം പാദപരീക്ഷയുമായി ബന്ധപ്പെട്ട യോഗത്തിന്റെ മിനിട്ട്സ്

**പങ്കെടുത്തവർ**

1. ഡോ. ജെ. പ്രസാദ്, ഡയറക്ടർ എസ്.സി.ഇ.ആർ.ടി.
2. ശ്രീ. എ. ഫറൂക്ക്, ഡയറക്ടർ വി.എച്ച്.എസ്.സി.
3. ഡോ. എസ്. രവീന്ദ്രൻ നായർ, കരിക്കുലം മേധാവി എസ്.സി.ഇ.ആർ.ടി
4. കുര്യൻ എ ജോൺ, ടെക്നിക്കൽ ഓഫീസർ വി.എച്ച്.എസ്.സി
5. ശ്രീ. വേണു പ്രസാദ്, ഡെപ്യൂട്ടി ഡയറക്ടർ, ഐ.ച്ച്.ആർ.ടി.
6. ഡോ. എസ്. മീന, അസ്സി. പ്രൊഫ, എസ്.സി.ഇ.ആർ.ടി
7. ശ്രീ. നാരായനനുണ്ണി. എം.പി, റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി
8. ആർ. നടരാജൻ, അസ്സി. ഡയറക്ടർ വി.എച്ച്.എസ്.സി
9. ഡോ. പി. സത്യനേശൻ, അക്കാദമിക് കൺസൾട്ടന്റ്, എസ്.സി.ഇ.ആർ.ടി
10. ഡോ. ജയലക്ഷ്മി, അസ്സി. പ്രൊഫ, എസ്.സി.ഇ.ആർ.ടി
11. അജിലാൽ. കെ.ആർ. ടെക്നിക്കൽ ഓഫീസർ, ഡി.റ്റി.ഇ. തിരുവനന്തപുരം

**തീരുമാനങ്ങൾ**

1. ഒന്നാം പാദവാർഷിക ചോദ്യപേപ്പർ തയാറാക്കുന്നതിനുള്ള മാർഗ്ഗരേഖയും വിശദാംശങ്ങളും എസ്.സി.ഇ.ആർ.ടി. തയാറാക്കി നൽകുന്നതാണ്.
2. വി.എച്ച്.എസ്.സി. മേഖലയിൽ ജനറൽ വിഷയങ്ങളുടെ ചോദ്യപേപ്പർ എസ്.സി.ഇ.ആർ.ടി. തയാറാക്കിയത് ഉപയോഗിക്കുന്നതാണ്. എന്നാൽ ടെക്നിക്കൽ വിഷയങ്ങളുടെ ചോദ്യപേപ്പർ വി.എച്ച്.എസ്.ഇ. ഡയറക്ടറേറ്റ് നേരിട്ട് തയാറാക്കി നൽകുന്നതാണ്.
3. ചോദ്യപേപ്പറുകൾ അധ്യാപകർതന്നെ തയാറാക്കി വിദഗ്ധരുടെ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കി അച്ചടിക്കായി നൽകേണ്ടതാണ്.
4. ചോദ്യപേപ്പർ ഓൺലൈൻ ഡെലിവറി നടത്താനുള്ള സാധ്യത വി.എച്ച്.എസ്.ഇ. പരിശോധിക്കേണ്ടതാണ്. ഏതാനും വിഷയങ്ങളിലെങ്കിലും ഇത് ഒന്നാം ടേം പരീക്ഷയിൽ തന്നെ നടപ്പാക്കാൻ നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചു.
5. ഐ.എച്ച്.ആർ.ടി. നോൺ ടെക്നിക്കൽ വിഷയങ്ങൾക്ക് (8,9,10) ക്ലാസുകൾക്ക് എസ്.സി.ഇ.ആർ.ടി. / ഡയറ്റ് തയാറാക്കുന്ന ചോദ്യപേപ്പർ ഉപയോഗിച്ച് പരീക്ഷ നടത്തുന്നതാണ്. ടെക്നിക്കൽ വിഷയങ്ങൾക്ക് ഐ.എച്ച്.ആർ.ടി. നേരിട്ടുതന്നെ ചോദ്യങ്ങൾ തായാറാക്കാനും തീരുമാനിച്ചു.
6. ടെക്നിക്കൽ സ്കൂളുകളുടെ ചോദ്യപേപ്പറുകൾ നിലവിൽ എസ്.ഐ.റ്റി.റ്റി.ആർ. ആണ് തയാറാക്കി വരുന്നത്. ജനറൽ വിഷയങ്ങൾക്ക് ഡി.പി.ഐ. ഓഫീസിൽ നിന്നും ചോദ്യങ്ങൾ സ്വീകരിക്കുന്നതിനും ടെക്നിക്കൽ വിഷങ്ങൾക്ക് മുൻകാലങ്ങളിലെന്നപോലെ എസ്.ഐ.റ്റി.റ്റി.ആർ. തന്നെ ചോദ്യങ്ങൾ തയാറാക്കുന്നതിനും തീരുമാനിച്ചു.

D:\Director\Minites(47)

7. ടെക്നിക്കൽ ഡയറക്ടറേറ്റിന് ചോദ്യപേപ്പർ നിർമ്മാണത്തിന് ആവശ്യമായ അക്കാദമിക് പിന്തുണ എസ്.സി.ഇ.ആർ.ടി നൽകുന്നതാണ്. കൂടതെ ചോദ്യപേപ്പർ തയാറാക്കുന്നതിനുള്ള ഗൈഡ്ലൈനും നൽകുന്നതാണ്.

8. മൂല്യനിർണയവുമായി ബന്ധപ്പെട്ട് ജൂലൈ 11 ന് കൂടുന്ന പരീക്ഷാ സംബന്ധമായ മീറ്റിംഗിൽ എല്ലാ വിഭാഗത്തിൽ നിന്നുമുള്ള പ്രതിനിധികൾ പങ്കെടുക്കണമെന്ന് നിർദ്ദേശിച്ചു.

9. ഫിഷറീസ് സ്കൂളുകൾക്ക് പാദവാർഷിക ചേദ്യപേപ്പറുകൾ തയാറാക്കുന്നതിന് നിലവിലുള്ള രീതി തുടരുന്നതിനു തീരുമാനിച്ചു. ജനറൽ വിഷയങ്ങളുടെ ചോദ്യപേപ്പറുകൾ ഡി.പി.ഐ. ഓഫീസിൽ നിന്നും നേരിട്ടുവാങ്ങി നൽകുന്നതിനും സ്പെഷ്യൽ വിഷയങ്ങൾക്ക് ഫിഷറീസ് ഡയറക്ടറേറ്റ്തന്നെ തയാറാക്കുന്നതിനും തയാറാണെന്ന് ഫിഷറീസ് സ്കൂൾ ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. ഇഗ്നേഷ്യസ് മൻഡ്രോ ഫോൺ മുഖേന എസ്.സി.ഇ.ആർ.ടി. ഡയറക്ടറെ അറിയിച്ചത് അംഗീകരിച്ചു. ഇതുമായി ബന്ധപ്പെട്ട തുടർ നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകി.

ഡയറക്ടർ

# വിലയിരുത്തൽ മാർഗരേഖ 2017 – 18

**ആമുഖം**

പഠനവും വിലയിരുത്തലും പരസ്പരബന്ധിതമായ പ്രക്രിയകളാണ്. പഠനത്തിന്റെ ദിശ നിർണ യിക്കുന്നതിൽ വിലയിരുത്തലിന് നിർണായകമായ പങ്കുണ്ട്. ജ്ഞാനനിർമാണത്തിൽ അധിഷ്ഠി തമായ പഠനം ശരിയായ ദിശയിൽ മുന്നേറുന്നതിന് സഹായകമായ വിലയിരുത്തലാണ് ഇവിടെ ചർച്ച ചെയ്യുന്നത്. വിവിധ പഠനാനുഭവങ്ങളിലൂടെ കടന്നുപോകുന്ന പഠിതാവ് അറിവ് നിർമി ക്കുകയും നേടിയ അറിവിനെ നിരന്തരം മെച്ചപ്പെടുത്തുകയും ചെയ്യുന്നു. പഠിതക്കളുടെ മികവു കളും പരിമിതികളും തിരിച്ചറിഞ്ഞ് പഠനാനുഭവങ്ങൾ ഒരുക്കുന്ന അധ്യാപകർക്ക് അവർ നേടിയ അറിവിന്റെയും നൈപുണികളുടേയും സ്വഭാവവും ദിശയും തിരിച്ചറിയാനും അവരിൽ തെളി യുന്ന സവിശേഷ കഴിവുകളും അഭിരുചികളും നിർണയിക്കുവാനും കഴിയണം. ഈ കാഴ്ചപ്പാ ടിൽ വിലയിരുത്തൽ ലക്ഷ്യം വയ്ക്കുന്നത് താഴെപ്പറയുന്ന ഘടകങ്ങളെയാണ്.

- പഠന-ബോധനപ്രക്രിയയുടെ ഫലപ്രാപ്തി സംബന്ധിച്ച തെളിവുകൾ ലഭ്യമാക്കുക.
- മികവിന്റെ മേഖലകളെക്കുറിച്ചുള്ള സൂചനകൾ കണ്ടെത്തുക.
- സവിശേഷ പിന്തുണ ആവശ്യമായ മേഖലകൾ നിർണയിക്കുക.

പഠന-ബോധനപ്രക്രിയയുടെ ഭാഗമായി പഠിതാവിൽ രൂപപ്പെടുന്ന ആശയങ്ങൾ, ധാരണകൾ, നൈപുണികൾ എന്നിവയും വ്യത്യസ്ത സന്ദർഭങ്ങളിലുള്ള അവയുടെ പ്രയോഗവും വിലയിരു ത്തപ്പെടേണ്ടതുണ്ട്. വിവിധ സന്ദർഭങ്ങളിൽ ഇടപെടുന്നതിന്റെ ഭാഗമായി അവരിൽ രൂപപ്പെടുന്ന മൂല്യങ്ങളും മനോഭാവങ്ങളും വിലയിരുത്താനുള്ള സാധ്യതകളും പ്രയോജനപ്പെടുത്തണം. പഠനം ശക്തിപ്പെടുത്തുന്നതിന് നിരന്തരവും സമഗ്രവുമായ മൂല്യനിർണയമാണ് ഏറ്റവും സഹായകമാ യിട്ടുള്ളത്,. അത് പഠനത്തോടൊപ്പം തുടർന്നുകൊണ്ടു പോകുന്നതും പഠിതാവിന്റെ ഭാഗത്തു നിന്ന് പഠനനേട്ടങ്ങളെ വിലമതിക്കുന്നതും ആയിരിക്കണം. പഠനദിശ, പഠനവേഗം, നൽകേണ്ട പിന്തുണ, ഉയർത്തിപ്പിടിക്കേണ്ട മികവുകൾ എന്നിവയെക്കുറിച്ച് അത് സൂചനകൾ നൽകുന്നു. നിരന്തരവും സമഗ്രവുമായ മൂല്യനിർണയത്തിന് അനുപൂരകമായാണ് ടേം വിലയിരുത്തൽ സംഘ ടിപ്പിക്കേണ്ടത്. പഠനപ്രക്രിയയുടെ പശ്ചാത്തലത്തിലാണ് ഇതിനെ കാണേണ്ടത്. തരംതിരിക്കൽ, തിരഞ്ഞെടുപ്പ് എന്നിവ ലക്ഷ്യംവച്ചും നടത്തുന്ന വിലയിരുത്തലുകളിൽ നിന്ന് പഠനവുമായി ബന്ധപ്പെട്ട വിലയിരുത്തൽ വ്യത്യസ്തമാകുന്നു.

പഠനത്തിന്റെ അർത്ഥപൂർണമായ ഒരു ഘട്ടം പൂർത്തിയാക്കുമ്പോഴാണ് ടേം വിലയിരുത്തൽ ആവ ശ്യമായി വരുന്നത്. കുട്ടിക്ക് തന്റെ മികവിന്റെ മേഖലയ്ക്കനുസരിച്ച തിരഞ്ഞെടുപ്പ് സംബന്ധിച്ച് തീരുമാനം എടുക്കേണ്ടിവരുമ്പോൾ ഇത്തരമൊരു വിലയിരുത്തൽ ആവശ്യമായിവരും. കുട്ടി സ്വയം സന്നദ്ധത പ്രകടിപ്പിക്കുന്ന ഘട്ടങ്ങളിൽ ഇതു നടത്താനാവണം. വെളിപ്പെടുത്താൻ ആഗ്രഹി ക്കുന്ന മികവുകൾക്ക് വേദിയൊരുക്കൽ, സ്വന്തം ശക്തിദൗർബല്യങ്ങളെക്കുറിച്ച് ഉൾക്കാഴ്ച രൂപ പ്പെടുത്തൽ, വ്യത്യസ്ത മാധ്യമങ്ങൾ പ്രയോജനപ്പെടുത്തൽ എന്നിവ ടേം മൂല്യനിർണയത്തിൽ പ്രാധാന്യമർഹിക്കുന്നു.

## ടേം മൂല്യനിർണയത്തിന്റെ ലക്ഷ്യങ്ങൾ

- പഠനനേട്ടങ്ങൾ (ആശയം, പ്രക്രിയ, മനോഭാവങ്ങൾ, മൂല്യങ്ങൾ) എത്രത്തോളം കൈവരിച്ചിട്ടുണ്ടെന്ന് കണ്ടെത്തുന്നതിന്.
- നേടിയ അറിവ് വിവിധ സന്ദർഭങ്ങളിൽ പ്രയോഗിക്കുന്നതിനുള്ള ശേഷി കണ്ടെത്തുന്നതിന്. (താരതമ്യം, വിശകലനം, വിലയിരുത്തൽ, ആസ്വാദനം, സാമൂഹ്യസാഹചര്യത്തിൽ പ്രയോഗിക്കൽ, സൃഷ്ടിപരത എന്നിവ).
- കുട്ടിക്ക് സ്വന്തം പഠനനേട്ടങ്ങൾ സ്വയം വിലയിരുത്തുന്നതിന്.
- കുട്ടിയുടെ നില നിർണയിക്കാനും പഠനപ്രക്രിയയുടെ ഫലപ്രാപ്തി വിലയിരുത്തി തുടർ ആസൂത്രണം നടത്താൻ ടീച്ചറെ സഹായിക്കുന്നതിനും.
- സ്കൂളുകളെ മികവിന്റെ കേന്ദ്രമാക്കുകയെന്ന ലക്ഷ്യത്തിൽ എത്തിച്ചേരുന്നതിലേക്ക് സമൂഹത്തിനും സർക്കാരിനും വിലപ്പെട്ട തിരിച്ചറിവുകൾ നൽകുന്നതിന്.

## ചോദ്യങ്ങൾ തയാറാക്കുമ്പോൾ പരിഗണിക്കേണ്ട ചിന്താപ്രക്രിയകൾ

- സാമ്യവ്യത്യാസങ്ങൾ കണ്ടെത്താനുള്ള കഴിവ്
- കാര്യകാരണബന്ധം കണ്ടെത്താനുള്ള കഴിവ്
- തെളിവുകളുടെ അടിസ്ഥാനത്തിൽ ആശയരൂപീകരണം നടത്താനുള്ള കഴിവ്.
- നേടിയ ആശയങ്ങൾ ഉപയോഗിച്ച് തരംതിരിക്കാനുള്ള കഴിവ്
- അനുഭവത്തെയോ സന്ദർഭത്തെയോ യുക്തിപരമായി വിശകലനം ചെയ്ത് നിഗമനങ്ങൾ രൂപീകരിക്കാനുള്ള കഴിവ്
- നേടിയ അറിവുകളും ധാരണകളും പുതിയ സന്ദർഭങ്ങളിൽ പ്രയോഗിക്കാനുള്ള കഴിവ്.
- ആശയങ്ങളും വസ്തുതകളും വിശ്ലേഷിക്കാനും സംശ്ലേഷിക്കാനുമുള്ള കഴിവ്.
- ഭാവനയിൽ കാണാനും അതിനെ ശബ്ദം, ചിത്രം എന്നിങ്ങനെയുള്ള വ്യത്യസ്തരീതികളിൽ പ്രകടിപ്പിക്കാനുമുള്ള കഴിവ്.
- മൂല്യം നിർണയിക്കാനുള്ള കഴിവ്
- രൂപപ്പെടുത്തിയ ആശയങ്ങളുടെയും ധാരണകളുടെയും അടിസ്ഥാനത്തിൽ പ്രശ്നനിർദ്ധാരണം നടത്താനുള്ള കഴിവ്.
  (വിഷയാടിസ്ഥാനത്തിൽ ഉചിതമായ മാറ്റം വരുത്താവുന്നതാണ്)

## ചോദ്യങ്ങൾ തയ്യാറാക്കുമ്പോൾ

- ജ്ഞാനനിർമ്മിതി സമീപനത്തിൽ ഊന്നിയാകണം ചോദ്യങ്ങൾ തയ്യാറാക്കേണ്ടത്. കുട്ടികൾക്ക് എന്തറിയാം എന്നതാണ് വിലയിരുത്തേണ്ടത്. തന്റെ അറിവല്ല പരിശോധിക്കപ്പെടേണ്ടത് എന്ന ബോധം ചോദ്യകർത്താവിനുണ്ടാകണം.
- വ്യത്യസ്ത നിലവാരക്കാരായ വിദ്യാർത്ഥികളെ പരിഗണിക്കുന്ന വിധത്തിലാണ് ചോദ്യപേപ്പറുകൾ ചിട്ടപ്പെടുത്തേണ്ടത്. എല്ലാ പ്രധാന ആശയമേഖലകളിലും/ നൈപുണികളിലും ഈ നിലവാരഭേദം പരിഗണിക്കേണ്ടതുണ്ട്. അടിസ്ഥാന ആശയങ്ങളും ധാരണകളും, പ്രയോഗത്തിനുള്ള സന്നദ്ധത, ഉൾക്കാഴ്ചയുടെ ആവിഷ്കാരം, ജീവിതസന്ദർഭങ്ങളിലെ പ്രയോഗം എന്നിവ പരിശോധിക്കാൻ കഴിയുന്ന ചോദ്യങ്ങൾ ഉണ്ടാവണം. എല്ലാ ആശയമേഖലയിലും/ നൈപുണിയിലും എല്ലാവർക്കും ഒരു പോലെ ഈ മൂന്ന് തലവും പ്രാപ്യമാകണമെന്നില്ല. എന്നാൽ ഏതെങ്കിലും ആശയമേഖലയിൽ /നൈപുണിയിൽ ഓരോ

രുത്തർക്കും പ്രാപ്യമായ തലങ്ങൾ ഉണ്ടാവും. ഇത് പരിഗണിച്ചുകൊണ്ടുള്ള വിതരണ ക്രമമാണ് ചോദ്യങ്ങളിൽ ഉണ്ടാകേണ്ടത്. ഓരോ കുട്ടിക്കും തന്റേതായ നിലയിൽ മികവുകൾ പ്രകടിപ്പിക്കാൻ കഴിയുന്ന വിധം ചോദ്യപേപ്പറുകൾ വഴക്കമുള്ളതാവണം.

- ലിംഗപദവിപരമായ വിവേചനം പ്രകടമാക്കുന്ന പ്രസ്താവനകളോ സൂചനകളോ ചോദ്യങ്ങളിൽ കടന്നുകൂടാതിരിക്കാൻ ശ്രദ്ധിക്കണം.
- ഇന്ത്യൻ ഭരണഘടനയുടെ അന്തസത്തയ്ക്ക് നിരക്കാത്ത ഒരുതരം സൂചനകളും ചോദ്യപേപ്പറുകളിൽ ഉണ്ടാകരുത്.
- ഭിന്നശേഷിക്കാരെ പരിഗണിക്കുന്ന നിശ്ചിത ശതമാനം ചോദ്യങ്ങൾ എല്ലാ ചോദ്യപേപ്പറുകളിലും ഉൾപ്പെടുത്തണം.
- ചോദ്യങ്ങൾ വെല്ലുവിളി ഉയർത്തുന്നതും വിവിധ ചിന്താപ്രക്രിയകൾ (Thinking Process) ഉപയോഗിക്കുന്നതിലേക്ക് നയിക്കുന്നതുമാവണം. എന്നാൽ വിദ്യാർത്ഥികളിൽ അനാവശ്യമായ സമ്മർദ്ദം സൃഷ്ടിക്കുന്നതിലേക്ക് അത് വഴിയൊരുക്കരുത്.
- നിശ്ചിതമായ ഒരു പാറ്റേണിലേക്ക് ഒതുങ്ങാതെ നൂതനത്വവും വൈവിധ്യവും പുലർത്തുന്ന ചോദ്യങ്ങൾ വികസിപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.
- ചോദ്യങ്ങളുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾക്ക് വ്യക്തത ഉണ്ടായിരിക്കണം.
- ചോദ്യങ്ങൾ തയ്യാറാക്കുമ്പോൾ പഠനനേട്ടങ്ങൾ, ചിന്താപ്രക്രിയ എന്നിവ കണക്കിലെടുക്കണം. ഒരു യൂണിറ്റിലെ പഠനനേട്ടങ്ങളെ ആവശ്യാനുസരണം വിഭജിച്ചും ഉദ്ഗ്രഥിച്ചും വ്യത്യസ്ത യൂണിറ്റുകളിലെ പഠനനേട്ടങ്ങളുമായി ബന്ധിപ്പിച്ചും ചോദ്യങ്ങൾ തയ്യാറാക്കാവുന്നതാണ്.
- വിവരണാത്മക ചോദ്യങ്ങളിൽ ഉത്തരങ്ങളുടെ ദൈർഘ്യത്തെക്കുറിച്ച് സൂചന ഉണ്ടായിരിക്കണം.
- കുട്ടികൾ എളുപ്പത്തിൽ വായിച്ചു മനസ്സിലാക്കുന്നതിന് ചോദ്യഭാഷ ലളിതവും ശിശുസൗഹൃദപരവും ആകണം.
- ചോദ്യങ്ങൾ തയ്യാറാക്കുമ്പോൾ ചിത്രങ്ങൾ, ഗ്രാഫുകൾ, പട്ടികകൾ എന്നിവയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തണം. ചിത്രങ്ങൾ കഴിയുന്നതും രേഖാചിത്രങ്ങളായിരിക്കണം.
- കുട്ടികളുടെ ക്ലാസ്റും പഠനാനുഭവങ്ങളുടെ അടിത്തറ പരിഗണിച്ചാവണം ചോദ്യങ്ങൾ തയ്യാറാക്കേണ്ടത്.
- പാഠപുസ്തകത്തിലെ എല്ലാ യൂണിറ്റുകൾക്കും ആനുപാതിക പ്രാതിനിധ്യം നൽകണം.
- സ്വന്തം നിലപാടുകൾ, കാഴ്ചപ്പാടുകൾ എന്നിവ യുക്തിപൂർവ്വം സമർത്ഥിക്കുന്നതിന് അവസരമൊരുക്കുന്ന ചോദ്യങ്ങൾ ഉൾപ്പെടുത്തണം.
- വിമർശന ചിന്തയും പ്രതികരണശേഷിയും വളർത്താൻ അവസരം നൽകുന്ന ചോദ്യങ്ങൾ ഉണ്ടാവണം.
- ഉയർന്ന നിലവാരത്തിലുള്ള ചോദ്യങ്ങളിൽ പഠനപ്രക്രിയയിലൂടെ കടന്നുപോയിട്ടുള്ള എല്ലാ പഠിതാക്കൾക്കും ഉത്തരം എഴുതാൻ കഴിയുന്ന ഒരു പ്രവേശകം (Entry level) ഉണ്ടായിരിക്കണം.
- ഓപ്പൺ എന്റഡ് (open ended) ചോദ്യങ്ങളുടെ സാധ്യത പ്രയോജനപ്പെടുത്തേണ്ടതാണ്.
- ചോദ്യപാഠത്തിന്റെ (question text) ദൈർഘ്യം പരമാവധി കുറക്കേണ്ടതാണ്.
- ഉപന്യാസ ചോദ്യങ്ങൾക്ക് ഉചിതമായ സൂചനകൾ നൽകുന്നത് ഉചിതമായിരിക്കും. ഏതു ദിശയിലാണ് പ്രതികരിക്കേണ്ടത് എന്നതു സംബന്ധിച്ച സൂചന ഇതിലൂടെ ലഭ്യമാവും.

- ചിന്താപ്രക്രിയകളെ പരിഗണിച്ച് വേണം ഉത്തരമെഴുതാനാവശ്യമായ സമയവും സ്കോറും നിശ്ചയിക്കേണ്ടത്.
- ഭാഷാവിഷയങ്ങൾക്ക് പാഠപുസ്തക ബാഹ്യമായ രചനകൾ പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള ചോദ്യങ്ങളും ഉൾപ്പെടുത്താവുന്നതാണ്. എന്നാൽ ഇത്തരം രചനകൾ കുട്ടികളുടെ നിലവാരത്തിന് അനുസരിച്ചവയായിരിക്കണം. ആവശ്യമെങ്കിൽ അപരിചിത പദങ്ങളുടെ അർത്ഥം നൽകേണ്ടതാണ്.
- താഴ്ന്ന ക്ലാസുകളിൽ ആശയങ്ങൾ, ധാരണകൾ എന്നിവ സാധ്യമാകുന്നിടത്തോളം പഠിതാവിന്റെ ജീവിത പരിസരവുമായി ചേർത്തുവെച്ച് ചോദ്യങ്ങൾ ഉണ്ടാക്കാൻ ശ്രദ്ധിക്കണം. സ്വാഭാവികത നഷ്ടപ്പെടാത്ത രീതിയിൽ ഇത് ആസൂത്രണം ചെയ്യണം.

**ചോദ്യപേപ്പർ തയ്യാറാക്കുമ്പോൾ**

- ഓരോ ചോദ്യപേപ്പറിലെയും നിശ്ചിത എണ്ണം ചോദ്യങ്ങൾ സ്കോർ രേഖപ്പെടുത്തുന്നതോടൊപ്പം കുട്ടിയുടെ പഠനനിലവാരം, പഠനദിശ, അഭിരുചിമേഖല എന്നിവ സംബന്ധിച്ച ഗുണാത്മക കുറിപ്പ് രേഖപ്പെടുത്താൻ അവസരം നൽകുന്നത് ആയിരിക്കണം.
- കുട്ടിക്ക് സ്വന്തം പഠനനില തന്റേതായ രീതിയിൽ രേഖപ്പെടുത്താൻ അവസരം നൽകുന്ന ഏതാനും ചോദ്യങ്ങളും ചോദ്യപേപ്പറുകളിൽ ഉൾപ്പെടുത്തണം. ഇത് ഒരു പ്രത്യേക ഭാഗമായി ഉൾപ്പെടുത്തിയാൽ മതിയാവും. ചൊതുവെ ചോദ്യങ്ങൾക്ക് ഉണ്ടാകാറുള്ള ചിട്ടവട്ടങ്ങൾ ഈ ചോദ്യങ്ങൾക്ക് ആവശ്യമില്ല. സ്കോറോ ഗ്രേഡോ ഇവയ്ക്ക് രേഖപ്പെടുത്തേണ്ടതില്ല. ഉദാഹരണമായി സ്വാതന്ത്ര്യദിനവുമായി ബന്ധപ്പെട്ട് എന്തെല്ലാം അറിയാം? സ്വാതന്ത്ര്യം നമ്മുടെ ജീവിതത്തെ എങ്ങനെ സ്വാധീനിക്കുന്നു? എന്ന് സാമൂഹ്യശാസ്ത്രത്തിലും രാസപ്രവർത്തനങ്ങൾ സംബന്ധിച്ച് എന്തെല്ലാം കാര്യങ്ങൾ മനസ്സിലാക്കാൻ കഴിഞ്ഞു? നമ്മുടെ ജീവിതസന്ദർഭങ്ങളുമായി അവയ്ക്കുള്ള ബന്ധം എന്താണ്? എന്ന് രസതന്ത്രത്തിലും ചോദിക്കാവുന്നതാണ്. വസ്തുനിഷ്ഠമായ ഉത്തരം ഇവിടെ പ്രതീക്ഷിക്കുന്നില്ല. എന്നാൽ വിഷയത്തിൽ കുട്ടിക്കു ലഭ്യമായ അടിസ്ഥാന ധാരണകൾ അറിയാൻ കഴിയുകയും ചെയ്യും.
- പരീക്ഷകളിൽ ഒരേ ഘടനയിലുള്ള (pattern) ചോദ്യപ്പേപ്പറുകൾ ആവർത്തിച്ച് വരുന്ന പ്രവണത ഒഴിവാക്കണം. വ്യത്യസ്തരീതിയിലുള്ള ചോദ്യങ്ങളുടെ സാധ്യതകൾ പ്രയോജനപ്പെടുത്തണം.
- വ്യത്യസ്ത ചോദ്യമാതൃകകൾ ചോദ്യപേപ്പറുകളിൽ പരിഗണിക്കാവുന്നതാണ്.
- ബഹുവികല്പ ചോദ്യങ്ങളും ഓർമ്മ പരീക്ഷിക്കാൻ മാത്രം സഹായിക്കുന്ന വസ്തുനിഷ്ഠ ചോദ്യങ്ങളും പരിമിതപ്പെടുത്തണം.
- ചോദ്യവിശകലനത്തിൽ ചിന്താപ്രക്രിയ ഉൾപ്പെടുത്തണം. ചിന്താപ്രക്രിയ, ഉത്തരത്തിന്റെ വലിപ്പം എന്നിവ പരിഗണിച്ചാണ് സ്കോർ നിശ്ചയിക്കേണ്ടത്.
- ചോദ്യപേപ്പറുകളോടൊപ്പം ചോദ്യങ്ങളുടെ വിന്യാസക്രമം സംബന്ധിച്ച രൂപകല്പന തയ്യാറാക്കണം.
- വിലയിരുത്തൽ സൂചകങ്ങൾ (assessment indicators) കൃത്യതയോടെ തയ്യാറാക്കണം. വിവരണാത്മക ചോദ്യങ്ങൾക്ക് ഓരോ ഘട്ടത്തിനും/ഘടകത്തിനും വേർതിരിച്ച് സ്കോർ നൽകണം.

- ചോദ്യപേപ്പറിന് മുകളിൽ പൊതുനിർദ്ദേശങ്ങൾ നൽകണം.
- ആവശ്യമുള്ളിടത്ത് ഓരോ ചോദ്യത്തിനും വ്യക്തമായ നിർദ്ദേശങ്ങൾ നൽകണം.
- ശാസ്ത്രം, സാമൂഹ്യശാസ്ത്രം, ഗണിതം, ഐ.റ്റി എന്നീ വിഷയങ്ങൾക്ക് മലയാളത്തിൽ ചോദ്യപേപ്പർ ഉണ്ടാക്കിയതിന് ശേഷം മറ്റു ഭാഷകളിലേക്ക് മൊഴിമാറ്റം നടത്തണം.
- ശാസ്ത്രം, സാമൂഹ്യശാസ്ത്രം, ഗണിതം, ഐ.റ്റി എന്നീ വിഷയങ്ങൾക്ക് സാങ്കേതിക പദങ്ങൾക്ക് തത്തുല്യ ഇംഗ്ലീഷ് പദങ്ങൾ ബ്രാക്കറ്റിൽ നൽകണം.
- ഒരേ ചോദ്യത്തിൽത്തന്നെ ഉപചോദ്യങ്ങൾ ഉണ്ടെങ്കിൽ ചോദ്യപേപ്പറിൽ സ്കോർ ഒരുമിച്ചു നൽകുകയും വിലയിരുത്തൽ സൂചകങ്ങളിൽ വിഭജിച്ചുനൽകുകയും വേണം.
- കുട്ടികൾക്ക് തിരഞ്ഞെടുപ്പിന് അവസരം നൽകുന്ന വിധത്തിൽ കുറഞ്ഞത് 25% അധിക ചോദ്യങ്ങൾ നൽകണം. ചോദ്യരൂപമോ മറ്റെന്തെങ്കിലും മാനദണ്ഡമോ കണക്കിലെടുത്ത് ഈ തിരഞ്ഞെടുപ്പ് പരിമിതപ്പെടുത്തേണ്ടതില്ല.

നിശ്ചിതകാലയളവിൽ കുട്ടിക്ക് ലഭ്യമാകുന്ന പഠനാനുഭവങ്ങൾ കേന്ദ്രീകരിച്ചും അതിന്റെ ഭാഗമായി കുട്ടിയിൽ രൂപപ്പെടുന്ന ആശയങ്ങൾ, ധാരണകൾ, നൈപുണികൾ എന്നിവ പരിഗണിച്ചുമാണ് ചോദ്യപേപ്പറുകൾ ചിട്ടപ്പെടുത്തുന്നത്. അതിന്റെ അടിസ്ഥാനത്തിൽ കുട്ടിക്ക് ലഭിക്കുന്ന സ്കോർ പഠനനിലവാരത്തെക്കുറിച്ചുള്ള സൂചനകൾ നൽകുന്നു. ചോദ്യപേപ്പറിന്റെ ഒരു സാമ്പ്രദായിക ഘടനയ്ക്ക് പുറത്ത് ഓരോ വിഷയവുമായി ബന്ധപ്പെട്ടും കുട്ടിക്ക് സ്വയം വെളിപ്പെടുത്താൻ കഴിയുന്ന വിവരങ്ങൾ പ്രകടമാക്കുന്ന ചില സ്വതന്ത്രചോദ്യങ്ങൾ ഉൾപ്പെടുത്താവുന്നതാണ് എന്ന് മുകളിൽ സൂചിപ്പിച്ചിരുന്നു. തുടർന്നുള്ള പഠനത്തിന് കുട്ടിയിൽ ഉറപ്പുവരുത്തേണ്ട അടിസ്ഥാനധാരണകൾ/ നൈപുണികൾ തിരിച്ചറിയാൻ ഇത് സഹായകമായേക്കും. ആവശ്യമായ കൈത്താങ്ങു നൽകി പഠനപുരോഗതി ഉറപ്പുവരുത്തുകയാണ് ഇതിന്റെ ലക്ഷ്യം. ബോർഡ് പരീക്ഷകൾ ഒഴികെയുള്ള പരീക്ഷകൾക്ക് ഈ വിഭാഗം ചോദ്യങ്ങൾ ഉൾപ്പെടുത്താവുന്നതാണ്. പരീക്ഷയ്ക്ക് അനുവദിക്കുന്ന ആകെ സമയത്തിന്റെ 10% ഇതിലേക്ക് മാറ്റിവയ്ക്കണം. കുട്ടികൾ നൽകുന്ന ഉത്തരങ്ങൾ അടിസ്ഥാനമാക്കിയുള്ള ഗുണാത്മക കുറിപ്പാണ് ടീച്ചർ തയാറാക്കേണ്ടത്. ഉത്തരക്കടലാസും ഗുണാത്മകകുറിപ്പും കുട്ടിക്കും രക്ഷിതാവിനും പരിശോധനയ്ക്കായി നൽകേണ്ടതാണ്.

ചോദ്യപേപ്പർ ഡിസൈൻ

യൂണിറ്റുകൾക്കുള്ള ആപേക്ഷിക പ്രാധാന്യം (Weight to Units)

| ക്രമനമ്പർ | യൂണിറ്റ് | സ്കോർ | സ്കോർ % |
|---|---|---|---|
| | | | |
| | | | |
| | | | |

വിവിധ ചോദ്യമാതൃകകൾക്കുള്ള ആപേക്ഷിക പ്രാധാന്യം (Weight to type of questions)

| ക്രമനമ്പർ | ചോദ്യമാതൃകകൾ | സ്കോർ | സ്കോർ % |
|---|---|---|---|
| | വസ്തുനിഷ്ഠ ചോദ്യങ്ങൾ | | |
| | വിവരണാത്മക ചോദ്യങ്ങൾ | | |

ബ്ലൂപ്രിന്റ്

| നം. | യൂണിറ്റ് | ചോദ്യമാതൃക | | | | ആകെ | |
|---|---|---|---|---|---|---|---|
| | | വസ്തുനിഷ്ഠം | | വിവരണാത്മകം | | | |
| | | ചോദ്യങ്ങളുടെ എണ്ണം | സ്കോർ | ചോദ്യങ്ങളുടെ എണ്ണം | സ്കോർ | ചോദ്യങ്ങളുടെ എണ്ണം | സ്കോർ |
| | | | | 1 (1) | 4 (4) | 1 (1) | 4 (4) |
| | | | | | | | |
| | ആകെ | | | | | | |

കുറിപ്പ് : ബ്രാക്കറ്റിനുള്ള നൽകിയിരിക്കുന്ന സംഖ്യ ചോയ്സ് സുചിപ്പിക്കുന്നു.

വിലയിരുത്തൽ സൂചകങ്ങൾ

| ചോദ്യ നമ്പർ | വിലയിരുത്തൽ സുചകങ്ങൾ | സ്കോർ വിശദാംശങ്ങൾ | ആകെ സ്കോർ |
|---|---|---|---|
| | | | |

ചോദ്യവിശകലനം (Question wise analysis)

| ചോദ്യ നമ്പർ | യൂണിറ്റ് | പഠനനേട്ടങ്ങൾ | ചിന്താപ്രക്രിയകൾ | ചോദ്യ മാതൃക | സ്കോർ | സമയം |
|---|---|---|---|---|---|---|
| | | | | | | |
| | | | | | | |
| | | | | | | |
| | | | | ആകെ | | |

**കേരള സർക്കാർ**

**നം. 1553398/പി.2/2017/പൊ.വി.വ.**

പൊതുവിദ്യാഭ്യാസ (പി) വകുപ്പ്
തിരുവനന്തപുരം, തീയതി 20.06.2017

ഗവൺമെന്റ് സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

ഹയർസെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

വൊക്കേഷണൽ ഹയർസെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ, എസ്.സി.ഇ.ആർ.ടി, തിരുവനന്തപുരം

സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, എസ്.എസ്.എ, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐടി@സ്കൂൾ, തിരുവനന്തപുരം

സർ,

വിഷയം : പൊതുവിദ്യാഭ്യാസ വകുപ്പ് - മൂല്യനിർണ്ണയ മാർഗ്ഗരേഖ - യോഗത്തിന്റെ മിനിറ്റ്സ് അയയ്ക്കുന്നത് - സംബന്ധിച്ച്.

സൂചന : 17.06.2017-ൽ നടന്ന മൂല്യനിർണ്ണയ യോഗം

സൂചന പ്രകാരം നടന്ന യോഗത്തിന്റെ നടപടിക്കുറിപ്പ് താങ്കളുടെ അറിവിലേക്കും അനന്തര നടപടികൾക്കുമായി ഇതോടൊപ്പം അയയ്ക്കുന്നു.

വിശ്വസ്തതയോടെ,
**പി.എസ്.കൃഷ്ണകുമാർ**
**അഡീഷണൽ സെക്രട്ടറി**
സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

2017-18 അദ്ധ്യയന വർഷത്തെ പരീക്ഷയുടെ മൂല്യനിർണ്ണയ മാർഗ്ഗരേഖ സംബന്ധിച്ച് 17.06.2017 ന് പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ ചേംബറിൽ നടന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്

പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 17.06.2017ന് രാവിലെ 11.00 മണിക്ക് യോഗം ആരംഭിച്ചു. പ്രസ്തുത യോഗത്തിലെ തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു.

1) 2017-18 അദ്ധ്യയന വർഷത്തിലെ പരീക്ഷ ഓൺലൈൻ ആയി നടത്തുവാൻ ബുദ്ധിമുട്ടാണെന്ന് എല്ലാ വകുപ്പ് അദ്ധ്യക്ഷന്മാരും അഭിപ്രായപ്പെട്ടതനുസരിച്ച് ഈ വർഷത്തെ ഓണം, ക്രിസ്തുമസ്, വാർഷിക, മോഡൽ പരീക്ഷകൾ ക്വസ്റ്റ്യൻ പേപ്പർ തയ്യാറാക്കി പ്രിന്റ് എടുത്ത്, സ്കൂളുകൾക്ക് നൽകി നടത്താനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

2) 8, 9, 10, 11, 12 എന്നീ ക്ലാസുകളിലെ ചോദ്യപേപ്പർ എസ്.സി.ഇ.ആർ.ടിയുടെ അക്കാദമിക് നേതൃത്വത്തിലാണ് തയ്യാറാക്കുന്നത്. സെക്കന്ററി, ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി എന്നീ മേഖലകളിലെ വിദഗ്ദ്ധരെ ഉൾപ്പെടുത്തി ജൂൺ അവസാനത്തിലും, ജൂലൈ ആദ്യവാരത്തിലുമായി ആവശ്യമായ ശില്പശാലകൾ (എസ്.സി.ഇ.ആർ.ടി. തീരുമാനിക്കുന്ന തീയതികളിൽ) നടത്തി ജൂലൈ പകുതിയോടെ ഓണപ്പരീക്ഷാ ചോദ്യപേപ്പർ തയ്യാറാക്കുന്ന ജോലി പൂർത്തിയാക്കുന്നതാണ്.

3) ചോദ്യപേപ്പർ തയ്യാറാക്കുന്നതിനായി അതത് വിഷയങ്ങളിൽ പ്രാഗത്ഭ്യമുള്ള വിദഗ്ദ്ധരെ (ടീച്ചർമാർ) പൊതുവിദ്യാഭ്യാസ ഡയറക്ടർ, ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ എന്നിവർ എസ്.സി.ഇ.ആർ.ടിയ്ക്ക് നൽകുന്നതായിരിക്കും.

4) 8, 9, 10, 11, 12 എന്നീ ക്ലാസുകളിലെ ചോദ്യപേപ്പർ പ്രിന്റിംഗ് നടത്തുന്നതിനുള്ള ചുമതല സർവ്വശിക്ഷാ അഭിയാന് ആയിരിക്കും. എസ്.സി.ഇ.ആർ.ടി. ജൂലൈ പകുതിയോടെ ചോദ്യ പേപ്പർ എസ്.എസ്.എയ്ക്ക് നൽകുന്നതാണ്.

5) ഓരോ പാദ ചോദ്യപേപ്പർ നിർമ്മാണത്തിനാവശ്യമായ 10 ലക്ഷം രൂപ വീതം പൊതുവിദ്യാഭ്യാസ ഡയറക്ടർ, ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ എന്നിവർ എസ്.സി.ഇ.ആർ.ടി. ഡയറക്ടർക്ക് അടിയന്തിരമായി നൽകേണ്ടതാണ്. സാമ്പത്തിക പരിമിതി മൂലം എസ്.സി.ഇ.ആർ.ടി. ഡയറക്ടർ ചെലവ് പരമാവധി ചുരുക്കേണ്ടതാണ്.

6) ചോദ്യപേപ്പർ നിർമ്മാണത്തിനാവശ്യമായ തുക പൊതുവിദ്യാഭ്യാസ ഡയറക്ടർ, ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ എന്നിവർ യഥാസമയം നൽകാത്ത സാഹചര്യത്തിൽ ശില്പശാല നടത്തുന്നതിനുള്ള തുക എസ്.സി.ഇ.ആർ.ടി. ഫണ്ടിൽ നിന്നും മുൻകൂറായി വിനിയോഗിക്കേണ്ടതാണ്.

7) ചോദ്യപേപ്പർ പ്രിന്റിംഗിനാവശ്യമായ തുക എസ്.എസ്.എ. നിർണ്ണയിക്കേണ്ടതും അത് പൊതുവിദ്യാഭ്യാസ ഡയറക്ടർ, ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ എന്നിവരെ അറിയിക്കേണ്ടതുമാണ്. അവർ യഥാസമയം ടി തുക സർവ്വശിക്ഷാ അഭിയാന് നൽകേണ്ടതാണ്.

8) ചോദ്യപേപ്പർ പ്രിന്റിംഗിനാവശ്യമായ തുക നിലവിൽ ലഭ്യമല്ലെങ്കിൽ അധിക ധനാഭ്യർത്ഥന മുഖേന ടി തുക അനുവദിച്ചുകിട്ടുന്നതിനായി വകുപ്പ് അദ്ധ്യക്ഷന്മാർ സർക്കാരിന് അടിയന്തിരമായിപ്രൊപ്പോസൽ സമർപ്പിക്കേണ്ടതാണ്.

9) ചോദ്യപേപ്പർ പ്രിന്റിംഗിനായി കുട്ടികളിൽ നിന്നും യാതൊരുവിധമായ പിരിവും നടത്തരുതെന്ന് പൊതുവിദ്യാഭ്യാസ സെക്രട്ടറി നിർദ്ദേശം നൽകി.

10) ഐറ്റി@സ്കൂളിന്റെ നിയന്ത്രണത്തിലുള്ള 'സമ്പൂർണ്ണ സെല്ലി'ൽ വകുപ്പ് അദ്ധ്യക്ഷന്മാരോ അല്ലെങ്കിൽ അദ്ദേഹത്തിന്റെ നോമിനിയോ അംഗങ്ങളായിരിക്കേണ്ടതാണ്.